# Telephone Conversation between PM and President of Republic of Korea

April 09, 2020

## പ്രധാനമന്ത്രിയും കൊറിയൻ റിപ്പബ്ലിക് പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

എപ്രിൽ 09, 2020

പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോഡി കൊറിയൻ റിപബ്ലിക് പ്രസിഡന്റ് ശ്രീ മൂൺ ജെ -ഇന്നുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

കഴിഞ്ഞ വർഷത്തെ കൊറിയൻ റിപ്പബ്ലിക്കിലേക്കുള്ള സന്ദർശനം അദ്ദേഹം അനുസ്മരിച്ചു കൂടാതെ ഇരു രാജ്യങ്ങളും തമ്മിലുള്ള കെട്ടുറപ്പുള്ള ബന്ധത്തിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

കോവിഡ്-19 എന്ന ആഗോള മഹാവ്യാധിയെക്കുറിച്ച്എം അതുമൂലം ആഗോളതലത്തിലെ ആരോഗ്യ സംവിധാനങ്ങൾക്കും സാമ്പത്തിക സാഹചര്യത്തിനും സംഭവിച്ചിട്ടുള്ള വെല്ലുവിളികളെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു. അതാതു രാജ്യങ്ങളിൽ കോവിഡിനെ പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെ കുറിച്ചുള്ള വിവരങ്ങളും അവർ പങ്കു വച്ചു .

പ്രതിസന്ധികളെ കൈകാര്യം ചെയ്യുന്നതിനായി കൊറിയൻ റിപ്പബ്ലിക് സ്വീകരിച്ച സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പ്രതികരണങ്ങൾക്ക് പ്രധാനമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു.
വിപുലമായ ഇന്ത്യൻ ജനസംഖ്യയെ ഐക്യത്തോടെ പകർച്ചവ്യാധിയെ നേരിടാൻ പ്രോത്സാഹിപ്പിക്കുന്ന ഇന്ത്യൻ അധികാരികളുടെ രീതിയെ പ്രസിഡന്റ് മൂൺ ജെ-ഇൻ അഭിനന്ദിച്ചു.

ഇന്ത്യയിലെ കൊറിയൻ പൗരന്മാർക്ക് ഇന്ത്യൻ അധികാരികൾ നൽകുന്ന പിന്തുണയ്ക്ക് കൊറിയൻ പ്രസിഡന്റ് പ്രധാനമന്ത്രിയോട് നന്ദി അറിയിച്ചു.

ഇന്ത്യൻ കമ്പനികളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യ ഉപകരണങ്ങളുടെ ഗതാഗതത്തിനും മറ്റു വസ്തുക്കളുടെ വിതരണത്തിനും പ്രധാനമന്ത്രി ROK സർക്കാരിനോട് നന്ദി അറിയിച്ചു.

കോവിഡ്-19 നുള്ള ഗവേഷണ പരിഹാരങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുന്ന ഈ സമയത്ത്, അതാതു രാജ്യങ്ങളിലെ വിദഗ്ധർ പരസ്പരം സമ്പർക്കം പുലർത്തുമെന്നും അനുഭവങ്ങൾ പങ്കുവയ്ക്കുമെന്നും ഇരു നേതാക്കളും സമ്മതിച്ചു.

ROK യിൽ വരാനിരിക്കുന്ന നാഷണൽ അസ്സെംബ്ലി തിരഞ്ഞെടുപ്പിന് പ്രസിഡന്റ് മൂണിനായി പ്രധാനമന്ത്രി ആശംസകൾ നൽകി.

**ന്യൂ ഡൽഹി**
**09 ഏപ്രിൽ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.